(ഡ) "സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസർ" എന്നാൽ (1)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസറും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട സംസ്ഥാന അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറും ഉൾപ്പെടെയും എന്നർത്ഥമാകുന്നു;

(ഢ) "മൂന്നാം കക്ഷി" എന്നാൽ വിവരത്തിനായി അപേക്ഷ നല്കുന്ന പൗരനല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു പൊതു അധികാരസ്ഥാനം ഉൾപ്പെടുന്നതും ആകുന്നു.

## അദ്ധ്യായം II

### വിവരത്തിനുള്ള അവകാശവും പൊതു അധികാരസ്ഥാനങ്ങളുടെ കടമകളും

3. വിവരത്തിനുള്ള അവകാശം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, എല്ലാ പൗരന്മാർക്കും വിവരാവകാശം ഉണ്ടായിരിക്കുന്നതാണ്.

4. പൊതു അധികാരസ്ഥാനങ്ങളുടെ കടമകൾ.—(1) ഓരോ പൊതു അധികാരസ്ഥാനവും

(ക) അതിന്റെ എല്ലാ രേഖകളും, ഈ ആക്റ്റിൻകീഴിലുള്ള വിവരാവകാശത്തെ എളുപ്പമാക്കുന്നതിനുവേണ്ടിയുള്ള രീതിയിലും രൂപത്തിലും പട്ടിക തിരിച്ചും, സൂചിക തയ്യാറാക്കിയും സൂക്ഷിക്കേണ്ടതും, കമ്പ്യൂട്ടർവൽക്കരണം ചെയ്യേണ്ട അപ്രകാരം സമുചിതമായിട്ടുള്ള എല്ലാ രേഖകളും അത്തരം രേഖകളുടെ പ്രാപ്യത സൗകര്യപ്പെടുന്നതിനുവേണ്ടി ന്യായമായ സമയത്തിനുള്ളിലും, വിഭവങ്ങളുടെ ലഭ്യതയ്ക്ക് വിധേയമായും നെറ്റ്‌വർക്ക് മുഖേന രാജ്യം മുഴുവനുമുള്ള സിസ്റ്റങ്ങളിൽ ബന്ധിക്കപ്പെട്ടതായി ഉറപ്പുവരുത്തേണ്ടതാണ്;

(ഖ) ഈ ആക്റ്റ് നിയമമാക്കിയതു മുതൽ നൂറ്റിഇരുപത് ദിവസത്തിനകം,—

(i) അതിന്റെ ഘടനയുടെയും, ചുമതലകളുടെയും, കർത്തവ്യങ്ങളുടെയും വിവരങ്ങളും,

(ii) ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും,

(iii) മേൽനോട്ടത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും വഴികൾ ഉൾപ്പെടെ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പാലിക്കേണ്ട നടപടിക്രമങ്ങളും;

(iv) അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനായി അത് രൂപം നൽകിയ മാനദണ്ഡങ്ങൾ,

(v) അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനായി അതിന്റെ ജീവനക്കാർ ഉപയോഗിക്കുന്നതോ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ളതോ അല്ലെങ്കിൽ അത് അവലംബിക്കുന്നതോ ആയ ചട്ടങ്ങളും, റഗുലേഷനുകളും, നിർദ്ദേശങ്ങളും, മാന്വലുകളും;

(vi) അതിന്റെ കൈവശത്തിലുള്ളതോ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ പ്രമാണങ്ങളുടെ തരംതിരിച്ച ഒരു സ്റ്റേറ്റ്മെന്റ്;

(vii) അതിന്റെ നയരൂപീകരണത്തെയോ, അവയുടെ നടപ്പാക്കലിനെയോ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നുള്ള അംഗങ്ങളുമായും കൂടിയാലോചിക്കുന്നതിനും അല്ലെങ്കിൽ അവരാൽ പ്രതിനിധീകരിക്കപ്പെടുന്നതിനും നിലവിലുള്ള ഏതെങ്കിലും ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ;

(viii) ബോർഡുകളുടെയും, കൗൺസിലുകളുടെയും, കമ്മിറ്റികളുടെയും, അതിന്റെ ഭാഗമായതോ, അതിനെ ഉപദേശിക്കുക എന്ന ആവശ്യത്തിലേക്കായോ രൂപീകരിക്കപ്പെട്ട രണ്ടോ അതിൽ കൂടുതലോ വ്യക്തികൾ അടങ്ങിയിരിക്കുന്ന മറ്റ് നികായങ്ങളെയും, ആ ബോർഡുകളുടെയും, കൗൺസിലുകളുടെയും, കമ്മിറ്റികളുടെയും മറ്റ് നികായങ്ങളുടെയും യോഗങ്ങളിൽ പൊതുജനങ്ങൾക്ക് പ്രവേശനം നല്കേണ്ടതുണ്ടോ എന്നും അത്തരം യോഗങ്ങളുടെ മിനിറ്റുകൾ പൊതുജനങ്ങൾക്ക് പ്രാപ്യമാക്കേണ്ടതുണ്ടോ എന്നും ഉള്ളതിന്റെ ഒരു സ്റ്റേറ്റ്മെന്റ്;

(ix) അതിന്റെ ആഫീസർമാരുടെയും ജീവനക്കാരുടെയും ഒരു ഡയറക്ടറി;

(x) അതിന്റെ റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരമുള്ള നഷ്ടപരിഹാര രീതി ഉൾപ്പെടെ ഓരോ ആഫീസർമാരും ജീവനക്കാരും വാങ്ങുന്ന പ്രതിമാസ വേതനം;

(xi) നിർദ്ദിഷ്ട ചെലവുകളുടെയും ചെയ്തിട്ടുള്ള ചെലവുകളുടെയും റിപ്പോർട്ടും എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് അതിന്റെ ഓരോ ഏജൻസിക്കും നീക്കിവച്ചിട്ടുള്ള ബജറ്റ്;

(xii) ധനസഹായ പരിപാടികളുടെ നടത്തിപ്പിന്റെ രീതി, അത്തരം പരിപാടികളുടെ ഗുണഭോക്താക്കളുടെ വിശദവിവരങ്ങളും നീക്കിവച്ചിട്ടുള്ള തുകകൾ ഉൾപ്പെടെയും;

(xiii) അത് നല്കിയിട്ടുള്ള സൗജന്യങ്ങളുടെയും അനുവാദങ്ങളുടെയും അല്ലെങ്കിൽ അധികാരപ്പെടുത്തലുകളുടെയും സ്വീകർത്താക്കളുടെ വിശദാംശങ്ങൾ;

(xiv) ഒരു ഇലക്ട്രോണിക് രൂപത്തിലേക്ക് സംഗ്രഹിച്ചിട്ടുള്ളതും അതിന് ലഭ്യമായതും അല്ലെങ്കിൽ കൈവശമുള്ളതുമായ വിവരങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ;

(xv) പൊതു ഉപയോഗത്തിനായി പരിപാലിക്കുന്നപക്ഷം, ഒരു ഗ്രന്ഥശാലയുടെയോ അല്ലെങ്കിൽ വായനശാലയുടെയോ പ്രവൃത്തിസമയം ഉൾപ്പെടെ പൗരന്മാർക്ക് വിവരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ;

(xvi) പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെ പേരുകളും, ഉദ്യോഗപ്പേരുകളും, മറ്റ് വിശദാംശങ്ങളും;

(xvii) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് വിവരങ്ങളും,

അതിനുശേഷം, പ്രസിദ്ധീകരിക്കേണ്ടതും, ഓരോ വർഷവും ഈ പ്രസിദ്ധീകരണങ്ങളെ കാലാനുസൃത മാക്കേണ്ടതുമാണ്.

(ഗ) പൊതുജനങ്ങളെ ബാധിക്കുന്ന പ്രധാന നയങ്ങൾ രൂപീകരിക്കുമ്പോഴും അല്ലെങ്കിൽ തീരുമാനങ്ങൾ പ്രഖ്യാപിക്കുമ്പോഴും എല്ലാ പ്രസക്തമായ വസ്തുതകളും പ്രസിദ്ധീകരിക്കേണ്ടതും;

(ഘ) അതിന്റെ ഭരണപരമായതും അല്ലെങ്കിൽ അർദ്ധനീതിന്യായപരമായതുമായ തീരുമാന ങ്ങളുടെ കാരണങ്ങൾ, ബാധിക്കപ്പെട്ട വ്യക്തികൾക്ക് നല്കേണ്ടതുമാണ്.

(2) ഇന്റർനെറ്റ് ഉൾപ്പെടെയുള്ള വിവിധ വാർത്താവിനിമയ മാർഗ്ഗങ്ങൾ മുഖേന സ്വമേധയാ തന്നെ കഴിയുന്നത്ര വിവരം പൊതുജനത്തിന് കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുന്നതിന് (1)-ാം ഉപവകുപ്പ് (ബ) ഖണ്ഡപ്രകാരം നടപടി സ്വീകരിക്കുന്നതിന് ഓരോ പൊതു അധികാരസ്ഥനും സ്ഥിരമായി ഉത്സാഹിക്കേണ്ടതാണ്, അപ്രകാരമായാൽ പൊതുജനത്തിന് വിവരം ലഭിക്കുന്നതിന് ഈ ആക്റ്റിന്റെ ഉപയോഗം ഏറ്റവും ലഘുവായിത്തീരുന്നതാണ്.

(3) (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് എളുപ്പത്തിൽ പ്രാപ്യമാകുന്ന അത്തരം രൂപത്തിലും രീതിയിലും വ്യാപകമായി പ്രചരിപ്പിക്കേണ്ടതാണ്.

(4) എല്ലാ കാര്യങ്ങളും പ്രചരിപ്പിക്കേണ്ടത്, ഫലപ്രാപ്തിക്കുള്ള ചെലവും, പ്രാദേശിക ഭാഷയും, ആ തദ്ദേശ പ്രദേശത്തെ ഏറ്റവും ഫലപ്രദമായ വാർത്താവിനിമയ രീതിയും കണക്കിലെടുത്തുകൊണ്ടാ യിരിക്കേണ്ടതും, കഴിയുന്നിടത്തോളം കേന്ദ്ര പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെയോ സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെയോ, അതത് സംഗതിപോലെ, കൈവശമുള്ള ഇലക്ട്രോണിക് ഫോർമാറ്റിൽ ഉള്ളത്ര വിവരം എളുപ്പത്തിൽ പ്രാപ്യമാക്കേണ്ടതും, സൗജന്യമായോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന മാധ്യമത്തിന്റെ അത്തരം വിലയിൻമേലും പ്രിന്റ് എടുക്കുന്നതിനുള്ള ചെലവിൻമേലും ലഭ്യമാക്കേണ്ടതാണ്.

GOVERNMENT OF KERALA

General Administration (Co-ordination) Department

CIRCULAR

No. 32942/Cdn. 5/08/GAD.

*Dated, Thiruvananthapuram, 8th July, 2008.*

*Sub*:—General Administration—Department—Right to Information Act, 2005—Instruction to maintain all records duly catalogued and indexed—Reiterated—Regarding.

*Ref*:—G. O. (P) No. 367/2005/GAD dated 10-10-2005.

As per the provisions in the Right to Information Act, 2005, Government had issued strict instruction vide item Nos. 2 and 3 in the G. O. cited, which is extracted below:

2. As laid down in Section 4 (1) of the Act, all Heads of Departments will take immediate steps to maintain all records duly catalogued and indexed in a manner and form which facilitate the right to information and to ensure computerization of records which are to be computerized, within a reasonable time with the available resources to access such records by the Citizens.

3. The particulars of the functions, duties of each organizations, power and duties to its Officers and Employees and a statement of categories of documents that are held by the organization and under its control shall be published by the Heads of Departments before 12-10-2005 as provided in Section 4 (1) of the Act.

As complaints have been received about the non-compliance of the above instructions by the Public Authorities, all Departments in Government Secretariat including Law and Finance are requested to ensure the strict compliance to the above instruction with respect to each Department and also to the Public Authorities which are related to/coming under the administrative control of each Department. Any violation in this regard will be viewed seriously and those responsible will be subjected to disciplinary action.

G. P. RAMACHANDRAN,

*Additional Secretary.*

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE AMIT RAWAL

Thursday, the 17th day of November 2022 / 26th Karthika, 1944

WP(C) NO. 22576 OF 2022 (V)

PETITIONER:

TGN KUMAR, AGED 51 YEARS, 33/3004 VENNALA P.O, KOCHI - 682 028

RESPONDENTS:

1. THE SECRETARY, MINISTRY OF PERSONNEL, PUBLIC GRIEVANCES AND PENSIONS, GOVERNMENT OF INDIA, NORTH BLOCK, NEW DELHI - 110 001.
2. THE CHIEF INFORMATION COMMISSIONER, O/O. THE CENTRAL INFORMATION COMMISSION, I C BHAWAN, BABA GANG NATH MARG, STAFF QUARTERS, OLD JNU CAMPUS, MUNIRKA, NEW DELHI - 110 067
3. THE STATE INFORMATION COMMISSIONER, TC 14, 2071, PUNNEN ROAD, NEAR JACOBS JUNCTION, VANROSS, PALAYAM, THIRUVANANTHAPURAM - 695 001.
4. THE PUBLIC INFORMATION OFFICER, GURUVAYOOR DEVASWOM BOARD, GURUVAYOOR - 680 101
5. ADDL.R5 STATE OF KERALA, REPRESENTED BY CHIEF SECRETARY TO GOVERNMENT, GOVERNMENT SECRETARIAT, THIRUVANANTHAPURAM [ADDL.R5 IS SUO MOTU IMPLEADED AS PER ORDER DATED 03/08/2022 IN WP(C) 22576/22]

Writ petition (civil) praying inter alia that in the circumstances stated in the affidavit filed along with the WP(C) the High Court be pleased to commanding the 1st respondent to consider and pass orders on Ext.P3 forthwith, pending disposal of this writ petition.

This petition again coming on for admission upon perusing the petition and the affidavit filed in support of WP(C) and this court's order dated 03/08/2022 and upon hearing the arguments of M/S.K.ANAND & AMEER SALIM, Advocates for the petitioner, ASSISTANT SOLICITOR GENERAL OF INDIA for R1 & R2 (By Order), SRI.M.AJAY, Advocate for R3 (By Order), STANDING COUNSEL for R4 (By Order) and of GOVERNMENT PLEADER for Addl.R5 (By Order), the court passed the following:

**AMIT RAWAL, J.**

W.P.(C) No.22576 of 2022

Dated this the 17th day of November, 2022

**ORDER**

Ext.R4(a) annexed with the affidavit of the 4th respondent - Guruvayoor Devaswom Board reveals that the petitioner has not deposited the fees in the Devaswom Board, but somewhere else. The petitioner submits that he has never been communicated such information. Since the document has been attached, it shall be treated as an information. Petitioner is at liberty to comply.

2. Coming to the controversy which has been noticed by this Court in the order dated 03.08.2022 whereby the State Information Commission has submitted that the officers appointed by the public authorities holding the post of SPIOs are so junior that they lack power and experience and both the appellate authorities are flooded with the appeals as there is a deeming refusal after the expiry of certain period. An affidavit has been filed by the additional 5th respondent submitting that a lot of offices functioning in the State have only one Gazetted Officer available and therefore, it is only practical to appoint a junior officer as SPIO and senior officer as the appellate authority. In other words, it has

been stated that it would be very difficult for the Government to appoint a Gazetted officer as SPIO as the other work would be seriously affected. Though extensive discussions are required to be taken with the State Information Commission also to resolve the issue.

3. Learned counsel appearing on behalf of the State Information Commission has drawn the attention of this Court to the circular dated 08.07.2008 issued by the Government whereby a direction has been issued to all the departments to catalog, index the record and also make it available on the websites. But, despite that, as and when certain documents of the Government even if are required to be taken out, it is very arduous job in searching out a particular notification in the absence of any indexing. Directions are issued to additional respondent No.5 to strictly comply with the instructions/circular and submit a compliance report within a period of one month.

4. This Court could have granted more time but instruction is already there and in the knowledge and notice of all the officers, but despite that there is no compliance. It is high time for the department to pull up their socks and abide by the instructions .

5. Let the compliance affidavit be filed after a period of one

month. In the meantime, on deposit of the statutory fees in the Devaswom Board as stated earlier, respondent No.4 shall provide the information to the petitioner in accordance with law.

Post this matter after a month.

Sd/-
**AMIT RAWAL**
**JUDGE**

csl

APPENDIX OF WP(C) 22576/2022

Exhibit R4(a) TRUE COPY OF THE COMMUNICATION ISSUED BY THIS RESPONDENT TO THE PETITIONER DATED 8.6.2022 WITH ENGLISH TRANSALATION